# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -4587 13.11.2019-ലെ മറുപടി**

## മലമ്പുഴ ഡാമിൽ നിന്നുള്ള ശുദ്ധജല ഗുണനിലവാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| എ) | തുടർച്ചയായ മഴ ഉണ്ടാകുന്ന സാഹചര്യങ്ങളിൽ മലമ്പുഴ ഡാമിൽ നിന്നും കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ശുദ്ധജലത്തിൽ ചെളിയും മാലിന്യങ്ങളും ഉണ്ടാവുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | മഴക്കാലത്ത് വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ വേണ്ടി പ്രത്യേക മുൻകരുതലുകൾ സ്വീകരിക്കുവാൻ തയ്യാറാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബി) | മലമ്പുഴ ജല ശുദ്ധീകരണശാലയോടനുബന്ധിച്ചുള്ള പരിശോധന ലാബിലും ജില്ലാ ഗുണനിലവാര പരിശോധനാകേന്ദ്രത്തിലും ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനങ്ങളുണ്ട്. നിശ്ചിത ഇടവേളകളിൽ ശേഖരിക്കുന്ന സാമ്പിളുകൾ ഇവിടെ പരിശോധിക്കുകയും പരിശോധനയുടെ അടിസ്ഥാനത്തിൽ ഗുണനിലവാരം ഉറപ്പ് വരുത്താൻ വേണ്ട മുൻകരുതലുകൾ ശുദ്ധീകരണ ശാലയിൽ എടുക്കുകയും ചെയ്യുന്നു. മഴക്കാലത്ത് ഇത്തരം പരിശോധനകളുടെ ആവൃത്തി കൂട്ടി പരിശോധനയും തുടർനടപടികളും കൂടുതൽ കാര്യക്ഷമമാക്കാറുണ്ട്. ഇതിനു പുറമെ അടിയന്തിര സാഹചര്യം കണക്കിലെടുത്തു ഫ്ളഡ് 2019 ൽ ഉൾപ്പെടുത്തി മലമ്പുഴ ജല ശുദ്ധീകരണ ശാലയിൽ 12.5 എം.എൽ.ഡി. പ്ലാന്റിലും പുതുശേരിയിൽ 3.5 എം.എൽ.ഡി. പ്ലാന്റിലും പഴയ ഫിൽറ്റർ ബെഡ് മാറ്റി ആധുനിക സാങ്കേതിക വിദ്യയായ ആന്ത്രാസൈറ്റ് ഉപയോഗിച്ച് ഫിൽറ്റർ മീഡിയ സ്ഥാപിക്കുന്ന പ്രവർത്തി പുരോഗമിച്ച് വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ